# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.846  30.10.2019-ൽ നൽകേണ്ടിയിരുന്ന മറുപടി**

**പട്ടികജാതി-പട്ടികവർഗ്ഗ സംഘടനകൾ നടത്തുന്ന എയ്ഡഡ് കോളേജുകൾ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടവരുടെ സംഘടനകളോ ട്രസ്റ്റുകളോ നടത്തുന്ന എത്ര എയ്ഡഡ് കോളേജുകളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സംഘടനകൾ/ട്രസ്റ്റുകൾ നടത്തുന്ന നാല് എയ്ഡഡ് കോളേജുകളാണ് കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിലുള്ളത്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് ഈ വിഭാഗങ്ങൾക്ക് എയ്ഡഡ് കോളേജുകൾ അനുവദിച്ചിരുന്നോ; എങ്കിൽ, എത്ര കോളേജുകൾ; | (ബി) | കൊല്ലം അയ്യങ്കാളി മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ്, അംബേദ്കർ കോളേജ് ഓഫ് ആർട്സ് & സയൻസ് വണ്ടൂർ, മലപ്പുറം എന്നീ രണ്ട് എയ്ഡഡ് കോളേജുകൾ മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സംഘടനകൾക്ക്/ട്രസ്റ്റുകൾക്ക് അനുവദിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഇത്തരത്തിലുള്ള എയ്ഡഡ് കോളേജുകൾ പ്രസ്തുത വിഭാഗത്തിൽ പെട്ടവർക്ക് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | കോട്ടയം, ശ്രീ.ശബരീശാ ആർട്സ് & സയൻസ് കോളേജ് മുക്കംവയൽ, കാസർഗോഡ് ബെജാ മോഡൽ ആർട്സ് & സയൻസ് കോളേജ് എന്നീ രണ്ട് എയ്ഡഡ് കോളേജുകൾ ഈ സർക്കാർ അധികാരമേറ്റ ശേഷം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | സാമൂഹ്യതുല്യത ഉറപ്പുവരുത്താൻ പട്ടികവിഭാഗത്തിലുൾപ്പെട്ടവരുടെ സംഘടനകൾക്ക് എയ്ഡഡ് മേഖലയിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിന് ശുപാർശ നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ? | (ഡി) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സംഘടനകൾ/ട്രസ്റ്റുകൾക്ക് പുതിയ കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച് നിലവിൽ പ്രൊപ്പോസലുകൾ ലഭ്യമായിട്ടില്ല എന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**